## സംയോജിത സഹകരണ വികസന പദ്ധതി

**23 (*653)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത സഹകരണ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ സ്റ്റോങ് റൂം) തുടങ്ങിയവ പുതുതായി നിർമ്മിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നീ ലക്ഷ്യങ്ങളാണ് സംയോജിത സഹകരണ വികസന പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) സംയോജിത സഹകരണ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടം വയനാട് ജില്ലയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതിയുടെ നടത്തിപ്പിനായി ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ട പദ്ധതിക്കുള്ള പ്രോജക്ട് റിപ്പോർട്ടിന്റെ വിലയിരുത്തൽ നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly